# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1463** **04.02.2019-ൽ മറുപടിയ്ക്ക്**

**കളത്തറ-കാട്ടിപ്പറമ്പ് പാലത്തിന് അനുബന്ധ റോഡ് നിർമ്മാണം**

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കൊച്ചി നിയോജക മണ്ഡലത്തിലെ കളത്തറ-കാട്ടിപ്പറമ്പ് പാലത്തിന് അനുബന്ധ റോഡുകൾ നിർമ്മിക്കാത്തതുമൂലം ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;<br><br>ബി) അനുബന്ധ റോഡുകൾ നിർമ്മിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | എ) യും ബി) യും ഉണ്ട്.പാലത്തിന്റെ ഇരുവശവും മത്സ്യകൃഷി നടത്തുന്ന കെട്ട് ആയതിനാൽ പുതിയ പാലത്തിലേയ്ക്ക് നിലവിലുണ്ടായിരുന്ന സ്ലൂയിസിന്റെ പ്രവർത്തനം മാറ്റുന്നതിന് പല പ്രാവശ്യമായി അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ നിർത്തി വയ്ക്കേണ്ടി വന്നിട്ടുണ്ട്. കൂടാതെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി റോഡിന് ഇരുവശങ്ങളിലായി കല്ല് സ്റ്റോക്ക് ചെയ്യുന്നതിന് സ്ഥല സൗകര്യം കുറവായതിനാൽ ഭാഗികമായ അളവുകളിൽ മാത്രം കല്ല് സ്റ്റോക്ക് ചെയ്താണ് പ്രവൃത്തി ചെയ്തു വരുന്നത്. ഇത് കാലതാമസത്തിന് കാരണമായിട്ടുണ്ട്. |
| സി) ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;<br><br>ഡി) റോഡ് പൂർത്തിയാക്കി എന്നത്തേക്ക് ഗതാഗതയോഗ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | സി) യും ഡി) യും കളത്തറ- കാട്ടിപ്പറമ്പ് പാലത്തിന്റെ അനുബന്ധ റോഡായ കാട്ടിപ്പറമ്പ് - കളത്തറ റോഡ് പ്രവൃത്തിയ്ക്കായി 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡ് പ്രവൃത്തി 20% പൂർത്തിയായി. 2019 മാർച്ച് 31 നകം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ആഫീസർ**